**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **23-08-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തുന്നതിനുള്ള അംഗീകൃത വിതരണക്കാരായി അംഗീകരിക്കുന്നതിന് പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കാൻ വേണ്ട ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കാർഷിക മേഖലയിലെ നടീൽ വസ്തുക്കൾ, വളം, കീടനാശിനി, യന്ത്രോപകരണങ്ങൾ എന്നിവയുടെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കണം എന്ന പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് എന്ന കമ്പനിയുടെ 19.08.2019 തീയതി രേഖപ്പെടുത്തിയ അപേക്ഷ സർക്കാരിൽ ലഭ്യമായിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുകയും പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അംഗീകാരം, പ്രവർത്തനം, കമ്പനി ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ തുടങ്ങിയ വിശദാംശം സഹിതം നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം കമ്പനി ലഭ്യമാക്കിയ വിശദാംശങ്ങൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിൽ ഇനം 4.9 ആയി പരിഗണിക്കുകയും, നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി തുടങ്ങിയവ സ്വന്തമായി ഉല്പാദിപ്പിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് പ്രൊപ്പോസലിൽ വ്യക്തതയില്ല എന്ന് യോഗം നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ വിവരം |

| | | | |
|---|---|---|---|
| | | | അപേക്ഷകരായ കമ്പനിയെ അറിയിക്കുന്നതിന് കത്തയക്കുകയുമുണ്ടായി. ഈ ആവശ്യം ഉന്നയിച്ച് 27.7.2022 ന് ബഹു. എം.എൽ.എ. യുടെ കത്ത് ലഭിച്ചിരുന്നു. എന്നാൽ കത്തിനോടൊപ്പം ഉണ്ടായിരുന്ന ടി കമ്പനിയുടെ അപേക്ഷ 06.06.2020 തീയതിയിലേതാണ്. ആയത് കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ച് മേൽ പറഞ്ഞ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട അപേക്ഷയിലെ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | കാർഷിക മേഖലയിലെ നടീൽ വസ്തുക്കൾ, വളം, കീടനാശിനി, യന്ത്രോപകരണങ്ങൾ എന്നിവയുടെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കണം എന്ന പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് എന്ന കമ്പനിയുടെ 19.08.2019 തീയതി രേഖപ്പെടുത്തിയ അപേക്ഷ സർക്കാരിൽ ലഭ്യമായിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുകയും പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അംഗീകാരം, പ്രവർത്തനം, കമ്പനി ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ തുടങ്ങിയ വിശദാംശം സഹിതം നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം കമ്പനി ലഭ്യമാക്കിയ വിശദാംശങ്ങൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിൽ ഇനം 4.9 ആയി പരിഗണിക്കുകയും, നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി തുടങ്ങിയവ സ്വന്തമായി ഉല്പാദിപ്പിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് പ്രൊപ്പോസലിൽ വ്യക്തതയില്ല എന്ന് യോഗം നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യം പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ വിവരം അപേക്ഷകരായ കമ്പനിയെ അറിയിക്കുന്നതിന് കത്തയക്കുകയുമുണ്ടായി. ഈ ആവശ്യം ഉന്നയിച്ച് 27.7.2022 ന് ബഹു. എം.എൽ.എ. യുടെ കത്ത് ലഭിച്ചിരുന്നു. എന്നാൽ കത്തിനോടൊപ്പം ഉണ്ടായിരുന്ന ടി കമ്പനിയുടെ അപേക്ഷ 06.06.2020 തീയതിയിലേതാണ്. ആയത് കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ച് മേൽ പറഞ്ഞ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ